# കേരള വെറ്ററിനറി & അനിമൽ സയൻസസ് സർവ്വകലാശാല

ഇൻഫ്രാസ്ട്രക്ചർ ഡവലപ്പ്മെന്റ് വിംഗ്, പൂക്കോട്, ലക്കിടി.പി.ഒ., വയനാട് – 673 576

*ഈമെയിൽ: ee@kvasu.ac.in, idwofficepkt@kvasu.ac.in ഫോൺ: 04936 209290, 209219, 209292*


നം. കെ.വി.എ.എസ്.യു./ഐ.ഡി.ഡബ്ള്യു./ജി–50798/2022

പൂക്കോട്, തീയതി : 04.03.2026

## ഇന്റർവ്യൂ വിജ്ഞാപനം

## INTERVIEW NOTIFICATION

കേരളാ വെറ്ററിനറി & ആനിമൽ സയൻസസ് സർവ്വകലാശാലയുടെ മണ്ണുത്തി ഇൻഫ്രാസ്ട്രക്ചർ ഡെവലപ്പ്മെന്റ് വിംഗ് ഓഫീസിലേക്ക്, Translational Research Centre (KIIFB Project) പദ്ധതിയുടെ നടത്തിപ്പിലേക്കായി താഴെപ്പറയുന്ന തസ്തികകളിലേക്ക് പരമാവധി രണ്ട് വർഷക്കാലയളവിലേക്കോ അല്ലെങ്കിൽ പ്രവൃത്തി പൂർത്തീകരണം വരെയോ താൽക്കാലിക വേതനാടിസ്ഥാനത്തിൽ നിയമിക്കേണ്ടതുണ്ട്.

| ക്രമ നം. | തസ്തിക | എണ്ണം | യോഗ്യത | പ്രതിമാസ പരമാവധി വേതനം |
|---|---|---|---|---|
| 1 | അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (സിവിൽ) | 1 | സർക്കാർ/അർദ്ധ സർക്കാർ/പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്നും തത്തുല്യ തസ്തികയിൽ 2020നു ശേഷം വിരമിച്ചവരും കുറഞ്ഞത് 10 വർഷമെങ്കിലും പ്രവൃത്തി പരിചയം ഉള്ളവർ | 59,300/- |
| 2 | അസിസ്റ്റൻറ് എൻജിനീയർ (ഇലക്ട്രിക്കൽ) | 1 | ഇലക്ട്രിക്കൽ എഞ്ചിനീയറിംഗ് വിഭാഗത്തിൽ BE./B. Tech അല്ലെങ്കിൽ തത്തുല്യ യോഗ്യത ഉള്ള 2020 നു ശേഷം തത്തുല്യ തസ്തികയിൽ വിരമിച്ചവരോ കെട്ടിട നിർമ്മാണ മേഖല യിൽ കുറഞ്ഞത് 5 വർഷമെങ്കിലും പ്രവൃത്തി പരിചയം ഉള്ളവർ. | 46,730/- |
| 3 | അസിസ്റ്റൻറ് എൻജിനീയർ (സിവിൽ) | 1 | സിവിൽ എഞ്ചിനീയറിംഗ് വിഭാഗത്തിൽ BE./B. Tech അല്ലെങ്കിൽ തത്തുല്യ യോഗ്യത ഉള്ള 2020 നു ശേഷം തത്തുല്യ തസ്തികയിൽ വിരമിച്ചവരോ കെട്ടിട നിർമ്മാണ മേഖലയിൽ കുറഞ്ഞത് 5 വർഷമെങ്കിലും പ്രവൃത്തി പരിചയം ഉള്ളവർ | 46,730/- |
| 4 | ഓവർസിയർ (ഇലക്ട്രിക്കൽ) | 1 | ഇലക്ട്രിക്കൽ എഞ്ചിനീയറിംഗ് വിഭാഗത്തിൽ ത്രിവർഷ Diploma ഉള്ളവരും കെട്ടിട നിർമ്മാണ മേഖലയിൽ കുറഞ്ഞത് 3 വർഷമെങ്കിലും പ്രവൃത്തി പരിചയം ഉള്ളവർ | 22,240/- |
| 5 | ഓവർസിയർ (സിവിൽ) | 1 | സിവിൽ എഞ്ചിനീയറിംഗ് വിഭാഗത്തിൽ ത്രിവർഷ Diploma ഉള്ളവരും കെട്ടിട നിർമ്മാണ മേഖലയിൽ കുറഞ്ഞത് 3 വർഷമെങ്കിലും പ്രവൃത്തി പരിചയം ഉള്ളവർ | 22,240/- |

ആദ്യ നിയമനം ഒരു വർഷക്കാലയളവിലേക്കായിരിക്കും. സർവ്വകലാശാലയുടെ വിവിധ ക്യാമ്പസുകളിൽ ജോലി ചെയ്യുവാൻ സന്നദ്ധരായവരെ മാത്രമേ പരിഗണിക്കുകയുള്ളൂ. സർക്കാരിൻറെ "പ്രൈസ് സോഫ്റ്റ് വെയർ" കൈകാര്യം ചെയ്യുന്നതിലുള്ള വ്യക്തമായ അറിവും പ്രാവീണ്യവും പരിചയവും അത്യാവശ്യമാണ്. "കിഫ്ബി" പ്രവൃത്തികളുടെ മേൽനോട്ട പരിചയം അഭിലഷണീയമാണ്.

താൽപര്യമുള്ള ഉദ്യോഗാർത്ഥികൾ ബയോഡേറ്റയും, യോഗ്യതയും പ്രവൃത്തി പരിചയവും മറ്റ് അനുബന്ധയോഗ്യതകളും തെളിയിക്കുന്ന രേഖകൾ 10.03.2026 തീയതി വൈകുന്നേരം 05.30 മണിക്ക് മുൻപാകെ idwofficepkt@kvasu.ac.in എന്ന ഇ-മെയിലിലേക്ക് സ്വയം തയ്യാറാക്കിയ അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്. നിർദിഷ്ട സമയത്തിനു ശേഷമുള്ള അപേക്ഷകൾ പരിഗണിക്കുന്നതല്ല. ലഭ്യമായ അപേക്ഷകളിൽ യോഗ്യതയുള്ളവരെ തെരഞ്ഞെടുത്ത് പിന്നീട് അഭിമുഖത്തിന് ക്ഷണിക്കുന്നതാണ്. മേൽ നിയമനം കാരണം കൂടാതെ ഏതൊരു ഘട്ടത്തിലും റദ്ദാക്കാനുള്ള അധികാരം താഴെ ഒപ്പ് വയ്ക്കുന്ന ഉദ്യോഗസ്ഥനിൽ നിക്ഷിപ്തമായിരിക്കും. സർവകലാശാല നിഷ്കർഷിക്കുന്ന ഒരു ഉടമ്പടി വെക്കാൻ തിരഞ്ഞെടുക്കപ്പെടുന്ന വ്യക്തി ബാധ്യസ്ഥനായിരിക്കും.

ഒപ്പ്
ഡോ. ടി. എസ് രാജീവ്
രജിസ്ട്രാർ (ഇൻ-ചാർജ്)

സ്വീകർത്താവ്

1. രജിസ്ട്രാർ, കെ.വി.എ.എസ്.യു. പൂക്കോട്
2. ഫിനാൻസ് ഓഫീസർ, കെ.വി.എ.എസ്.യു. പൂക്കോട്
3. എക്സിക്യൂട്ടീവ് എൻജിനീയർ, മണ്ണുത്തി
4. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ പൂക്കോട്
5. നോട്ടീസ് ബോർഡ്
6. സർവകലാശാലാ വെബ്സൈറ്റ്
7. പത്രമാധ്യമങ്ങൾ